**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 33** **01.12.2015-ൽ മറുപടിയ്ക്ക്**

# പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള കർമ്മ പരിപാടികൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. കെ. മുരളീധരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) 2015-16 വർഷത്തിൽ ഏകദേശം 4,59,020 പുതിയ വൈദ്യുതി കണക്ഷനുകൾ നല്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2015-16 ലെ വാർഷിക പദ്ധതിയിൽ 65.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2015 ഒക്ടോബർ 31 വരെ 1,12,444 ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ 2,19,000 പുതിയ വൈദ്യുതി കണക്ഷനുകൾ ബോർഡ് നൽകിയിട്ടുണ്ട്. ഇതിൽ ഉപഭോക്താവ് സ്വന്തം ചെലവിൽ എടുത്ത കണക്ഷനുകൾ, RGGVY പദ്ധതി പ്രകാരം നൽകിയ കണക്ഷനുകൾ, പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY പ്രകാരം നൽകിയ കണക്ഷനുകൾ എന്നിവ ഉൾപ്പെടും. ഇതുവരെ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ബാക്കിയുള്ള 1095 കണക്ഷനുകൾ 1 മാസത്തിനുള്ളിൽ കൊടുത്ത് തീർക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ RGGVY (രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും സൗജന്യമായി ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ മറ്റു വിഭാഗക്കാർക്ക് RGGVY പദ്ധതിയിൽപ്പെടുത്തി ഓവർ ഹെഡ് ലൈനുകൾ നിർമ്മിച്ച് W.P. കണക്ഷനു വേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിയിരുന്നു. 11 ജില്ലകളിൽ RGGVY പദ്ധതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നവംബർ മാസാവസാനത്തോടെയാണ് മേൽ പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത്. പുതിയതായി നിലവിൽ വന്ന പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന ) പ്രകാരം ഗ്രാമീണ മേഖലയിലെ ബി പി എൽ വിഭാഗത്തിൽപെടുന്ന അപേക്ഷകർക്ക് കണക്ഷനുകൾ |

നൽകാനാകും.

എല്ലാവർക്കും ഗുണമേന്മയുള്ള വൈദ്യുതി കുറഞ്ഞ ചെലവിൽ എത്തിക്കുക, 100% വൈദ്യുതീകരണം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക, സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക തുടങ്ങിയവയാണ് മേൽ കർമ്മ പരിപാടികളുടെ ഉദ്ദേശ്യലക്ഷ്യം.

| | | | |
|---|---|---|---|
| (സി) | പരിപാടികൾ നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) | 2015-16 വർഷത്തേക്കുള്ള വാർഷിക പദ്ധതി ബോർഡ് അംഗീകരിക്കുകയും ആയതനുസരിച്ചുള്ള ജോലികൾ സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് 2015-16 ലേക്കുള്ള Purchase plan അംഗീകരിച്ച്, സാധനസാമഗ്രികൾ വാങ്ങുന്നതിന് ചീഫ് എഞ്ചിനിയർ (SCM) നെയും മേഖലാ ചീഫ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.